കവഴി ശിക്ഷാ കാലാവധി കഴിഞ്ഞിട്ടും ജയിലിൽ കഴിയേണ്ടിവരുന്ന പല കേരളീയരുടെയും മോചനം വേഗം സാധ്യമായിത്തീരുന്നുണ്ട്.

ക്ഷേമ പെൻഷനുകൾ

4 (656)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ തുടങ്ങിയവ എത്ര മാസത്തെ കുടിശ്ശിക ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കുടിശ്ശിക കഴിവതുംവേഗം കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)	ജില്ല	വികലാംഗ പെൻഷൻ	വിധവാ പെൻഷൻ
	തിരുവനന്തപുരം	10 മാസം	7 മാസം
	കൊല്ലം	9 മാസം	9 മാസം
	പത്തനംതിട്ട	8 മാസം	8 മാസം
	ആലപ്പുഴ	13 മാസം	9 മാസം
	കോട്ടയം	5 മാസം	5 മാസം
	ഇടുക്കി	6 മാസം	10 മാസം
	എറണാകുളം	6 മാസം	6 മാസം
	തൃശ്ശൂർ	7 മാസം	8 മാസം
	പാലക്കാട്	6 മാസം	8 മാസം
	മലപ്പുറം	9 മാസം	9 മാസം
	കോഴിക്കോട്	11 മാസം	11 മാസം
	വയനാട്	6 മാസം	6 മാസം
	കണ്ണൂർ	7 മാസം	9 മാസം
	കാസർഗോഡ്	8 മാസം	8 മാസം

കർഷകത്തൊഴിലാളി പെൻഷൻ 11 മാസത്തെ കുടിശ്ശികയുണ്ട്.

(ബി) കുടിശ്ശിക കഴിവതും വേഗം കൊടുത്തുതീർക്കുന്നതിനാവശ്യമായ ഫണ്ട് ഈ വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. 2000-2001 ലെ പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കുന്ന മുറക്ക് കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുള്ള ഫണ്ട് വിതരണം ചെയ്യുന്നതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച തുക

5 (657) ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഓരോ ജില്ലയ്ക്കും എന്തുതുക ധനകാര്യ (ഫണ്ട്) വകുപ്പ് അനുവദിച്ചു നൽകിയിട്ടുണ്ട്;

(ബി) ഈ നിധിയിൽനിന്നും ഏറ്റവും കൂടുതൽ തുക അനുവദിച്ചിട്ടുള്ളത് ഏതു ജില്ലയ്ക്കാണ്; ഓരോ ജില്ലയ്ക്കും എന്തുതുക വീതം അനുവദിച്ചു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ നിധിയിലേക്ക് പൊതുജനങ്ങളിൽനിന്നും, സ്ഥാപനങ്ങളിൽനിന്നും മറ്റും എന്തുതുക സംഭാവനയായി ലഭിച്ചിട്ടുണ്ട്;

(ഡി) ധനസഹായം അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് കാരണമെന്താണ്; ഇത് പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) ഓരോ ജില്ലയിലും അനുവദിച്ചതിൽ ഇനി എന്തുതുക വിതരണം ചെയ്യുവാനുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ഏറ്റവും കൂടുതൽ തുക അനുവദിച്ചിട്ടുള്ളത് പാലക്കാട് ജില്ലയ്ക്കാണ് (1,35,63,000). ഓരോ ജില്ലയ്ക്കും അനുവദിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	:	9158,000
കൊല്ലം	:	1,04,88,218
പത്തനംതിട്ട	:	58,28,000
ആലപ്പുഴ	:	1,01,08,940
കോട്ടയം	:	1,11,25,000
ഇടുക്കി	:	53,00,000
എറണാകുളം	:	99,30,000
തൃശ്ശൂർ	:	78,51,000
മലപ്പുറം	:	76,06,000
കോഴിക്കോട്	:	1,11,64,000
വയനാട്	:	31,75,000
പാലക്കാട്	:	1,35,63,000
കണ്ണൂർ	:	1,04,25,600
കാസർഗോഡ്	:	1,16,29,000

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഈ നിധിയിലേക്ക് 1,89,05,151/- രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ഫണ്ടിന്റെ ദൗർലഭ്യം കാരണമാണ് കാലതാമസം നേരിടുന്നത്. പൊതു ജനങ്ങളിൽനിന്നും മറ്റും പണം സ്വരൂപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഓരോ ജില്ലയിലും അനുവദിച്ച തുകയിൽ താഴെപറയും പ്രകാരം തുക വിതരണം ചെയ്യുവാൻ ബാക്കിയുണ്ട്.

തിരുവനന്തപുരം	:	2,26,000
കൊല്ലം	:	1,30,000
പത്തനംതിട്ട	:	1,47,000
കോട്ടയം	:	17,65,433
ഇടുക്കി	:	94,000
ആലപ്പുഴ	:	2,36,000
എറണാകുളം	:	43,000
കാസർഗോഡ്	:	മുഴുവനും വിതരണം ചെയ്തു

ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാസഹായം

6 (658)ശ്രീ. മാത്തൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ സഹായം അനുവദിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി യിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം;

(ബി) ചികിത്സാ സഹായം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് നൽകി ഒരു വർഷം കഴിഞ്ഞിട്ടും ജില്ലാ കളക്ടർമാരിൽനിന്നും അനുവദിച്ച തുക ഫണ്ടില്ല എന്ന കാരണത്താൽ ലഭിച്ചിട്ടില്ല എന്നു വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തിരുവല്ല കുറ്റിപ്പുഴ ഇന്ദ്രാലയം വീട്ടിൽ ശാന്ത സോമൻ ഭർത്താവിന്റെ കിഡ്നിയുടെ രോഗ ചികിത്സക്കായി ധനസഹായത്തിനായി 25.3.2000-ൽ നൽകിയിരുന്ന അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 20,000/- രൂപ യിൽ താഴെയായിരിക്കണമെന്ന നിബന്ധനയുണ്ട്.

(ബി) തുക ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഫണ്ട് സ്വരൂപി ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത അപേക്ഷയിൽ 2000/- രൂപ ധനസഹായമായി അനു വദിച്ചിട്ടുണ്ട്.

അപകടമരണത്തിനിരയാകുന്നവരുടെ കുടുംബത്തിന് ലഭിക്കുന്ന ധനസഹായം

7 (659)ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly